LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ലാസ് 1, ക്ലാസ് 2 ചെറുകിട ജലസേചന പദ്ധതികൾ, വെള്ളപ്പൊക്ക നാശനഷ്ടപദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, തോടുകളുടെയും കുളങ്ങളുടെയും നവീകരണ പദ്ധതികൾ എന്നിവയും കൂടാതെ നബാർഡ് സഹായമുള്ള ക്ലാസ് 1, ക്ലാസ് 2 ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു.

(ബി) പുഴയോരങ്ങളുടെ ഇരുവശങ്ങളും സംരക്ഷിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തികാനുമതി നല്കി പണികൾ ഏറ്റെടുത്ത് നടത്താറുണ്ട്. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പ്രവൃത്തികളുടെ ലിസ്റ്റ് ഡിസ്ട്രിക്ട് കളക്ടർമാർ മുഖേന വരുത്തി ആ രീതിയിലും പണികൾ നടത്താനുള്ള പരിശോധനകൾ നടത്തി വരുന്നു.

(സി) വളപട്ടണം പുഴ, അഞ്ചരക്കണ്ടിപ്പുഴ, മാഹിപ്പുഴ, ബാവലിപ്പുഴ മുതലായ പുഴകളുടെ തീരസംരക്ഷണ ഭിത്തികളുടെ നിർമ്മാണത്തിനായി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവ ചെയ്യാവുന്നതാണ്. ഇതുകൂടാതെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ചെയ്യുന്നതിനായി 11 പ്രവൃത്തികൾക്ക് 55.50 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

(ഡി) മാഹിപ്പുഴ, മോന്താൽ, പെരിങ്ങത്തൂർ എന്നീ സ്ഥലങ്ങളിൽ പുഴയുടെ കര സംരക്ഷിക്കുവാൻ ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി ഏറ്റെടുത്ത് നടത്തുന്നതാണ്.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ K.H.R.W.S. പദ്ധതിയോടൊപ്പം നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

44 [207] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് K.H.R.W.S. പദ്ധതിപ്രകാരം കുടിവെള്ള പദ്ധതി ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പദ്ധതിക്കുള്ള മതിപ്പ് ചെലവ് എത്രയാണ്;

(ഡി) ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ K.H.R.W.S. പദ്ധതിപ്രകാരം കുടിവെള്ള പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ്

45 [208] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ് ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനമെടുത്തത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പ്രതി ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി ഉപേക്ഷിക്കുന്നതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി നിർമ്മിച്ച ഓഫീസുകളും നിയോഗിച്ച ഉദ്യോഗസ്ഥരെയും ഏതുവിധമാണ് ഇപ്പോൾ നിലനിർത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടില്ല. 10-12-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 69/03/ഡബ്ല്യു. ആർ. സി. പ്രകാരം ചില ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി ആന്റ് സി) 10-12-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 69/03 ഡബ്ല്യു.ആർ.സി. പ്രകാരം ചില ഓഫീസുകൾ നിർത്തലാക്കാൻ ഉത്തരവായിട്ടുണ്ട്. 26-4-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 24/04/ഡബ്ല്യു.ആർ.സി. പ്രകാരം 11 തസ്തികകൾ നിലനിർത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഈ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടില്ല. വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ് നടപ്പിലാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ ക്രിയാത്മകമായ യാതൊരു ജോലികളും പ്രസ്തുത പദ്ധതിയിൽ തുടരുന്നില്ല. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വാമനപുരം പദ്ധതിയുടെ ഓഫീസുകളിൽ പരിശോധന നടത്തിയതിൽ ജീവനക്കാരുടെ ഹാജർനില വളരെ കുറവായിരിക്കുന്നതായും കാണുകയുണ്ടായി. ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസ് എന്നീയിനങ്ങളിൽ ലക്ഷക്കണക്കിന് രൂപ പ്രതിമാസം സർക്കാരിന് ബാദ്ധ്യത വരുകയും ചെയ്യുന്നതിനാൽ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ തീരുമാനിച്ചു.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly